بسم الله الرحمن الرحيم O نحمده ونصلي علىٰ رسوله الكريم O وعلىٰ عبده المسيح الموعود

ഖുത്വ്ബ നമ്പർ

**27**

05-07-2013

## ജുമുഅ ഖുത്വ്ബ

## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ایده الله تعالىٰ بنصره العزيز

**വിവർത്തനം: ടി.എം.അബ്ദുൽ മുജീബ്, കാക്കനാട്**

# സമ്മേളനങ്ങൾ കൊണ്ടുള്ള നേട്ടങ്ങൾ

ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ ഒരു കവിതാശകലം ഇപ്രകാരമാണ്.

അല്ലയോ ഔദാര്യവാനെ! എങ്ങിനെയാണ് നിനക്ക് നന്ദിയും കൃതജ്ഞതയും പറയുക,
ഈ വിനിമയത്തിനുള്ള ഭാഷ എവിടുന്നാണ് കൊണ്ടുവരിക.

അല്ലാഹുവിനോടുള്ള നന്ദിയും കൃതജ്ഞതയും പ്രകടിപ്പിക്കുക അസാധ്യമാവുന്നു. ഞാൻ നടത്തുന്ന ഓരോ സന്ദർശനവും അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും നിറഞ്ഞതാകുന്നു. കഴിഞ്ഞ ദിവസങ്ങളിൽ ജർമ്മനിയുടെ വാർഷിക സമ്മേളനം കൂടാതെ അവിടെ പ്രകടമായ അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെയും കാരുണ്യത്തിന്റെയും ദൃശ്യങ്ങൾ കാണുമ്പോൾ അല്ലാഹു ഹദ്റത് മസീഹ് മൗഊദ്(അ)നോട് ചെയ്ത വാഗ്ദാനങ്ങൾ നിത്യവും പുതിയ പ്രൗഢിയോടു കൂടി പൂർത്തിയാകുന്നു എന്ന ദൃഢ വിശ്വാസം നമ്മിൽ സംജാതമാകുന്നു. ഞാനിപ്പോൾ കാണുന്നത് എന്റെയും എന്റെ സഹപ്രവർത്തകരുടെയും സങ്കൽപ്പങ്ങൾക്കതീതമായിട്ടുള്ളതാണെന്ന് ജർമനിയുടെ അമീർ സാഹിബ് പറയുകയുണ്ടായി. ജർമൻ പ്രസ്സുകളും മാധ്യമങ്ങളും മുമ്പൊരിക്കലും കാണിക്കാത്ത താൽപര്യം ഇത്തവണ പ്രകടിപ്പിച്ചിരുന്നു. പള്ളികളുടെ ഉദ്ഘാടന പരിപാടികളിലും മുമ്പത്തേക്കാളുപരിയായി പ്രാദേശികരിൽ താൽപര്യം ദൃശ്യമായിരുന്നു. സംവിധാന ഘടകങ്ങളിലും താൽപര്യം ദൃശ്യമായിരുന്നു. വിദ്യാസമ്പന്നരിലും താൽപര്യം ദൃശ്യമായിരുന്നു. പ്രത്യുത ചർച്ചുകളിലെ പാതിരിമാരിലും താൽപര്യം ദൃശ്യമായി.

അവിടെ നടന്ന വാർഷിക സമ്മേളനത്തിലും അല്ലാഹുവിന്റെ കാരുണ്യം മുമ്പത്തേക്കാളുപരി ദൃശ്യമായിരുന്നു. അല്ലാഹുവിന്റെ കാരുണ്യത്തെ മനുഷ്യഭാവനക്ക് വലയം ചെയ്യുക സാധ്യമല്ല. ഇത്തവണ ജർമനി ജമാഅത്തിന് വ്യവസ്ഥിതികൾ ഉത്തമമായിരിക്കുമെന്നും, ജനങ്ങളുടെ പ്രതികരണം നല്ലതായിരിക്കുമെന്നുള്ള ശുഭപ്രതീക്ഷ ഉണ്ടായിരുന്നു. സംവിധാനത്തേക്കാളുപരിയായി, സങ്കൽപ്പത്തിനതീതമായി ഇത്രത്തോളം അല്ലാഹുവിന്റെ കാരുണ്യം ഉണ്ടാവുമെന്ന് പ്രതീക്ഷിച്ചിരുന്നില്ല.

ഞാനിപ്പോൾ എന്റെ രീതിയനുസരിച്ച് ഒന്നാമതായി യാത്രയിൽ ഉണ്ടായ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സംബന്ധിച്ച് പരാമർശിക്കുന്നതാണ്. രണ്ടാമതായി ജൽസയുടെ പ്രവർത്തകർക്ക് നന്ദി അറിയിക്കുന്നതുമാണ്. തൽസംബന്ധമായി സമ്മേളനത്തിന്റെ സംവിധാനങ്ങളെ സംബന്ധിച്ചും നന്ദി അറിയിക്കുകയും ചെയ്യുന്നതാണ്. ഇത് വളരെ ചുരുങ്ങിയ 10 ദിവസത്തെ യാത്രയായിരുന്നു. ഈ സന്ദർശന വേളയിൽ അവിടെ രണ്ട് പള്ളികളുടെ ശിലാസ്ഥാപനവും രണ്ട് പള്ളികളുടെ ഉദ്ഘാടനവും നടത്തിക്കുകയുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പള്ളിയുടെ പരിപാടികൾ വളരെ വിജയകരമാകുകയും ചെയ്തു. അതിലൂടെ ഇസ്ലാമിന്റെ പ്രചാരണത്തിനുള്ള അവസരവും ലഭിച്ചു. പള്ളികളെ സംബന്ധിച്ച് അവിടുത്തുകാർക്കുണ്ടായിരുന്ന സംശയങ്ങളും ദുരീകരിക്കപ്പെട്ടു.

അവയിലൊന്ന് മോർഫിൽഡനിൽ ശിലാസ്ഥാപനം നിർവഹിക്കപ്പെട്ട മസ്ജിദ് സുബ്ഹാനാകുന്നു. ഫ്ളോറസൈനിൽ ഉദ്ഘാടനം നിർവഹിക്കപ്പെട്ട മസ്ജിദ് ബൈത്തുൽ ഹാദി ആകുന്നു മറ്റൊന്ന്. ഇത് നിർമ്മാണം പൂർത്തിയായ ഒരു കെട്ടിടമായിരുന്നു. അത് വിലക്കെടുത്ത് പള്ളിയാക്കി മാറ്റുകയായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തംഗങ്ങൾ 7,000 മണിക്കൂർ ശ്രമദാനം നടത്തിക്കൊണ്ടാണ് അതിനെ പള്ളിയാക്കി മറ്റിയത്. മറ്റൊന്ന് നോർവേയിലുള്ള മസ്ജിദ് ബൈത്തുർ റഹീമാകുന്നു. അതും ഉദ്ഘാടനം ചെയ്യപ്പെടുകയുണ്ടായി. ഫോൾഡയിലുള്ള ബൈത്തുൽ ഹമീദിന് ശിലാസ്ഥാപന കർമ്മവും നിർവഹിക്കപ്പെട്ടു.

ഈ എല്ലാ പരിപാടികളിലും പ്രാദേശിക വാസികളും, മേയറും, ഉദ്യോഗസ്ഥരും, രാഷ്ട്രീയക്കാരും, മതനേതാക്കന്മാരും മറ്റ് വിവിധ ആൾക്കാരും അതിഥികളായി എത്തിയിരുന്നു. മസ്ജിദ് ബൈത്തുൽ ഹാദിയുടെ ഉദ്ഘാടന വേളയിൽ ഹേസർ സംസ്ഥാനത്തെ സ്റ്റേറ്റ് സെക്രട്ടറി ഡോ: റുഡോൾഫ് തന്റെ ഭാഷണത്തിൽ ആശംസകൾ അർപ്പിച്ചതിന് ശേഷം പറഞ്ഞു, ഞാൻ ഡിസംബറിൽ ജാമിഅയുടെ ഉദ്ഘാടനത്തിലും പങ്കെടുത്തിരുന്നു, 1959 ൽ ഉദ്ഘാടനം ചെയ്യപ്പെട്ട മസ്ജിദ് നൂറിനെയും അദ്ദേഹം പരാമർശിച്ചിരുന്നു. പിന്നീട് ജമാഅത്തിന്റെയും ഇസ്ലാമിന്റെയും അദ്ധ്യാപനങ്ങളെ സംബന്ധിച്ചും അഹ്മദികളുടെ പെരുമാറ്റ രീതിയെ കുറിച്ചും പരാമർശിച്ചു. തുടർന്ന് പറഞ്ഞു, ഞാൻ നിങ്ങളുടെ ജമാഅത്തിനെ വളരെയധികം ബഹുമാനിക്കുന്നു. ഞങ്ങളോടൊപ്പം പ്രവർത്തിച്ചതിന് താങ്കൾക്ക് നന്ദി അറിയിക്കുന്നു. ഇസ്ലാമിന്റെ മനോഹര ചിത്രം പൊതുജനങ്ങൾക്ക് മുന്നിൽ വരത്തക്കവണ്ണം പരിപാടികൾ സംഘടിപ്പിച്ചതിനും നന്ദി അറിയിക്കുന്നു. അതിൽ ചാരിറ്റി വോക്കും, വഴികളുടെ ശുചീകരണവും, കുട്ടികളുടെ സംഘടനക്കുള്ള സഹായവും, ശ്രമദാനങ്ങളും വിവിധ പ്രവർത്തനങ്ങളും ഉൾപ്പെടുന്നു. ഇത്തരത്തിലുള്ള ധാരാളം അഭിപ്രായങ്ങളുണ്ട്. അതിൽ നിന്നും ഏതാനും ചിലതാണ് ഞാൻ എടുത്തിരുന്നത്.

ഈ പള്ളിയുടെ ഉദ്ഘാടനചടങ്ങിൽ 270ഓളം ജർമൻ

അതിഥികൾ ഭാഗവാക്കായിരുന്നു. കൂടാതെ 4 വിവിധ പ്രദേശങ്ങളുടെ മേയർമാരും, സ്റ്റേറ്റ് സെക്രട്ടറിമാരും, ഒരു രാഷ്ട്രീയ പാർട്ടിയുടെ ഡെപ്യൂട്ടി ചെയർമാനും, ദേശീയ പാർലമെന്റിന്റെ മെമ്പറും, ചർച്ചുകളിലെ പാതിരിമാരും, പോലീസ് കമ്മീഷണറും അതു പോലെ സിറ്റി കൗൺസിലിന്റെ പ്രതിനിധികൾ തുടങ്ങിയവരും പങ്കെടുത്തിരുന്നു. വിവിധ ജീവിതമേഖലകളുമായി ബന്ധപ്പെട്ട വ്യത്യസ്ഥ വ്യക്തികളും പങ്കെടുത്തിരുന്നു.

മസ്ജിദ് ബൈത്തുൽ ഹമീദിൽ അവിടുത്തെ സിറ്റിയുടെ പ്രഥമ കൗൺസിൽ തന്റെ ഭാഷണത്തിൽ പറഞ്ഞത്, അഹ്മദിയ്യാ ജമാഅത്ത് ഫുൾഡ പട്ടണത്തിന്റെ ഗതകാല ഭാഗമായിരുന്നു. വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർ ഇവിടെ വസിക്കുന്നു. നിങ്ങളുടെ സാമൂഹിക പ്രവർത്തനങ്ങളെ സംബന്ധിച്ച് എനിക്ക് അറിവുണ്ട്. പട്ടണത്തിലെ കാര്യങ്ങളിൽ നിങ്ങൾ ഭാഗവാക്കാകാൻ ആഗ്രഹിക്കുന്നു എന്നതിന്റെ അടയാളമാണ് പള്ളി നിർമാണം. പിന്നീട് അദ്ദേഹം പറഞ്ഞു. ഞങ്ങളുടെ ഭാഷയിൽ ഒരു ചൊല്ലുണ്ട്, വാക്കിനു പകരമായി മനുഷ്യന്റെ കർമ്മങ്ങളിലൂടെ വിലയിരുത്തൽ നടത്തുക. നിങ്ങളിൽ നിന്ന് നല്ല വാക്കുകൾ കേൾക്കുക മാത്രമല്ല നിങ്ങളുടെ പ്രവർത്തനങ്ങളും നല്ലതാണെന്ന് വ്യക്തമാണെന്നും ഞങ്ങൾ കാണുന്നു. ജമാഅത്ത് ഈ രാജ്യത്തിലെ നിയമങ്ങളെ അംഗീകരിക്കുക മാത്രമല്ല, അതിൽ നിഷ്ക്കർഷത പാലിക്കുന്നു എന്നതും അംഗീകരിക്കപ്പെട്ട വസ്തുതയാണ്. അതിനാൽ എല്ലാ തരത്തിലും നാം ഒരു സൗഹാർദം നിലനിർത്തേണ്ടതാണ്.

അതു പോലെ 81 വയസ്സുള്ള ഒരു പ്രാദേശിക അതിഥി എന്റെ അഭിസംബോധനം ശ്രവിച്ചതിനു ശേഷം പറയുന്നു, നിങ്ങളുടെ ഖലീഫ പറഞ്ഞ കാര്യങ്ങൾ ഒരു പക്ഷേ സ്വന്തം ജീവിതത്തിൽ എനിക്ക് കാണാൻ സാധിച്ചേക്കില്ലായിരിക്കാം. അതായത് ഇസ്‌ലാമിന്റെ അഭിവൃദ്ധിയുടെ കാര്യങ്ങൾ. എന്നാൽ നിങ്ങൾ ദർശിക്കുന്നതാണ്. ഇന്റർനെറ്റിലൂടെ ഞാൻ വായിച്ച നിങ്ങളുടെ സ്ഥാപകരുടെ സന്ദേശത്തെ ലോകം സ്വീകരിക്കുന്നതാണ്. യഥാർഥ ഇസ്‌ലാം ഇവർ മുഖേന പ്രചരിക്കുന്നതാണ്. പിന്നീട് അദ്ദേഹം അടുത്ത ദിവസവും വന്നു. എന്നിട്ട് പറഞ്ഞു, താങ്കളുടെ മതത്തിന്റെ സത്യത്തെ ഞാനെന്റെ ഹൃദയത്തിൽ കണ്ടെത്തി. ദുആ ചെയ്യുന്നതിനായി എന്നെ നമസ്കാരം പഠിപ്പിക്കുക.

പിന്നീട് പരിപാടിയുടെ അവസാനത്തിൽ ജില്ലാ കൗൺസിലിന്റെ പ്രസിഡന്റ്, അവിടുത്തെ പ്രാദേശിക ജമാഅത്ത് പ്രസിഡന്റിന്റെ അടുത്ത് വന്ന് കൊണ്ട് പറഞ്ഞു, നിങ്ങളുടെ ഇമാം ഞങ്ങളുടെ ജില്ലാ കൗൺസിലിന്റെ മുഖ്യ കാര്യാലയത്തിൽ വരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഞാൻ പ്രഭാഷണം ശ്രവിച്ചു. ധാരാളം രാഷ്ട്രീയക്കാർ ഈ പ്രഭാഷണത്തെ ഒരു തിളക്കമാർന്ന ഭാഷണമായിട്ടാണ് വിശേഷിപ്പിച്ചിരിക്കുന്നത്. പറയുന്നു, നിങ്ങളുടെ ഇമാമിന്റെ പ്രഭാഷണം ഞങ്ങളുടെ ബുദ്ധിയെ പ്രകാശമയമാക്കി. ഞങ്ങളുടെ ഹൃദയത്തെ സ്വാധീനിച്ചിരിക്കുന്നു.

അവിടുത്തെ സദർ സാഹിബ് പറയുന്നു, അതിനു ശേഷം ജനങ്ങൾ നിരന്തരമായി പള്ളി സന്ദർശിക്കുന്നതിനായി വന്നു കൊണ്ടിരിക്കുന്നു. പുതിയ പള്ളികൾ നിർമ്മിക്കപ്പെടുന്ന സ്ഥലങ്ങളിൽ എപ്പോഴും തബ്ലീഗിനുള്ള പുതിയ മാർഗങ്ങൾ തുറക്കപ്പെടുന്നു. പരിചയം വർദ്ധിക്കുന്നു. രണ്ട് ദിവസത്തിന് ശേഷം അദ്ദേഹം നൽകിയ റിപ്പോർട്ടിൽ പറയുന്നത് 500 ലധികം സന്ദർശകർ വന്നു കഴിഞ്ഞു, ധാരാളം ആളുകൾ ഇസ്‌ലാമിക അദ്ധ്യാപനങ്ങൾ ശ്രവിക്കുന്നതിനായി താൽപര്യവും പ്രകടിപ്പിച്ചു, ചില അതിഥികളെ കാണുമ്പോൾ അവർ പുറത്ത് നിന്ന് വന്നവരല്ല മറിച്ച് നമ്മുടെ ജമാഅത്തംഗമാണെന്ന് തോന്നിപ്പോകുന്നു എന്നായിരുന്നു..

ഒരു സ്ത്രീ തന്റെ അഭിപ്രായം രേഖപ്പെടുത്തിക്കൊണ്ട് എഴുതുന്നു, നിങ്ങളുടെ ഇമാമിനെ കാണുകയും അദ്ദേഹത്തിന്റെ പ്രഭാഷണം കേൾക്കുകയും ചെയ്തപ്പോൾ വളരെ സന്തോഷം അനുഭവപ്പെട്ടു. ക്രിസ്തുമതത്തെ സംബന്ധിച്ച് വളരെ വിശാല ഹൃദയനാണ് എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്ന് മുദ്രാവാക്യം ഞങ്ങൾ കേട്ടിട്ടുണ്ട്. പറയുന്നു, വളരെയധികം കാര്യങ്ങൾ വിഛേദിക്കുന്നതിന് പകരം കൂട്ടിച്ചേർക്കുന്നു. പരസ്പരം ഇത്രത്തോളം വ്യതിരിക്തതയും ഭിന്നതയും ഇല്ല എന്ന് മനസ്സിലാക്കുന്നതിനായി മതത്തെ സംബന്ധിച്ച് ചിന്തിക്കേണ്ടത് മനുഷ്യന് അനിവാര്യമാണ്. ഒരു സുഹൃത്ത് ഇങ്ങനെ വെളിപ്പെടുത്തുന്നു, ഖലീഫ ആദ്യം നൽകിയ സന്ദേശം ഇസ്‌ലാം സൗഹൃദത്തിന്റെ മതമാണെന്നാണ്. ഇത് വളരെ അനിവാര്യമായ സന്ദേശമാകുന്നു. ഇത് സംബന്ധിച്ച് നിങ്ങളുടെ ഇമാം ആവർത്തിച്ച് സ്പഷ്ടമാക്കുന്നുണ്ട്. ഇദ്ദേഹം മുമ്പും പരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്.

മറ്റൊരു സുഹൃത്ത് പറയുന്നു, സ്നേഹമെന്ന വാക്ക് ആവർത്തിച്ചാവർത്തിച്ച് പ്രയോഗിക്കുന്നത് എനിക്ക് വളരെ ഇഷ്ടപ്പെട്ടു. ഞാൻ പ്രവർത്തനനിരതനായ പ്രോട്ടോസ്റ്റന്റ് ക്രിസ്ത്യാനിയാകുന്നു. പുതിയ നിയമവും സ്നേഹം എന്ന പദവും ഞങ്ങൾക്ക് വളരെ പ്രാധാന്യമുള്ളതാണ്. ചർച്ചിൽ ഈ പദത്തെ കുറിച്ച് ഇത്രയധികം കേട്ടിട്ടുണ്ടോ എന്ന് ഞാനോർക്കുന്നില്ല. ഇത് എന്നെ വളരെയധികം സ്വാധീനിച്ചു. എനിക്ക് അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ച് കൂടുതൽ അറിവുണ്ടായിരുന്നില്ല. ഇവിടെ ലഭിച്ച സ്നേഹം അതെല്ലായിടത്തും ലഭിക്കില്ല. പിന്നീട് പറയുന്നു, ഇസ്‌ലാമിനെ സംബന്ധിച്ച് ജർമനിയിൽ വളരെ വിദ്വേഷമുണ്ടെന്ന് എല്ലാവർക്കും അറിയാം, അതിനെ മറച്ചു വെക്കേണ്ട ആവശ്യവുമില്ല. മാധ്യമങ്ങളിലൂടെ തെറ്റായ വീക്ഷണമാണ് പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്നത്. അധികം മുസ്‌ലിംകളെയും വ്യക്തിപരമായി അറിയുന്നില്ല. എന്റെ അഭിപ്രായത്തിൽ വ്യക്തിപരമായ ബന്ധം ഉള്ള സ്ഥലത്ത് യാഥാർത്ഥ്യം എന്താണെന്ന് മനസ്സിലാകുന്നു. അതേപോലെ ടി.വി, പത്രപ്രധിനിധികളും ഞാനുമായി അഭിമുഖ സംഭാഷണം നടത്തി, അതിൽ ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങളെ കുറിച്ചും, ഇക്കാലത്ത് ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ആവശ്യകതയെ കുറിച്ചും പള്ളികളുടെ ഭാഗദേയത്തെ കുറിച്ചും ചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടു. അങ്ങനെ ടി.വി ചാനലുകളും നമ്മുടെ പരിപാടികൾ ഉൾക്കൊള്ളിച്ചു. ജർമനിയുടെ ചരിത്രത്തിൽ ആദ്യമായി ദേശീയ ടി.വി യിൽ ജമാഅത്തിനെ സംബന്ധിച്ച് വാർത്ത സംപ്രേഷണം ചെയ്തു. ജർമനിയുടെ മറ്റൊരു ചാനലായ ZDF ഫോർഡയിലെ പള്ളിയുടെ ശിലാസ്ഥാപന ചടങ്ങിനെ സംബന്ധിച്ച് ജൂൺ 27 ന് വാർത്ത സംപ്രേഷണം ചെയ്തു. ഏകദേശം 3 മിനിറ്റ് ദൈർഘ്യമുള്ള അതിൽ എന്നെ പള്ളിയുടെ ശിലാസ്ഥാപന കർമ്മം നിർവഹിക്കുന്നതായി കാണിക്കുകയുണ്ടായി.

കൂടാതെ അഹ്മദിയ്യാ ജമാഅത്തിനെ പരിചയപ്പെടുത്തുകയും ചെയ്തു. അച്ചടി മാധ്യമങ്ങൾ മുഖേന, പത്രങ്ങൾ മുഖേന മൊത്തത്തിൽ 12 ലക്ഷം ആളുകളിലേക്ക് ജമാഅത്തിന്റെ സന്ദേശം എത്തിച്ചേരുകയുണ്ടായി. ദേശീയ ടി.വിയുടെ സംപ്രേഷണത്തിലുടെ ജർമനിയിലും എന്റെ ചിത്രത്തോടൊപ്പം ജമാഅത്തിനെ സംബന്ധിച്ചുള്ള പരിചയവും സന്ദേശവും എത്തുകയുണ്ടായി. ജർമനിയുടെയും ആസ്ട്രേലിയയുടെയും സ്വിറ്റ്സർലാന്റിന്റെയും സംയുക്ത ടി.വി ചാനലായ ഇന്റർനാഷനൽ ടി.വി യിൽ ഈ സമ്മേളനത്തെ സംബന്ധിച്ച വാർത്ത പ്രക്ഷേപണം ചെയ്തു. അങ്ങനെ ടി.വി യിലൂടെ 3 രാഷ്ട്രങ്ങളിലും ജമാഅത്തിന്റെ സന്ദേശം എത്തുകയുണ്ടായി. ജർമൻ ജമാഅത്തിന് ഈയൊരു പ്രതീക്ഷ ഉണ്ടായിരുന്നില്ല.

മെയിൻ സ്പിരിറ്റ് എന്ന പത്രം എഴുതുന്നു, ഖലീഫത്തുൽ മസീഹ് തന്റെ പ്രഭാഷണത്തിൽ പറഞ്ഞു, ധാരാളം ഭൗതിക വസ്തുക്കൾ വിലക്ക് നൽകിയിരുന്ന സ്ഥലത്ത് ഇപ്പോൾ ആത്മീയ വസ്തുക്കൾ സൗജന്യമായി ലഭിക്കുന്നു. ഇതാണ് പത്രം നൽകിയ വാർത്ത. നാം പള്ളിയായി മാറ്റിയത് ആദ്യം ഒരു മാർക്കറ്റായിരുന്നു. പിന്നീട് ചന്ദയെ സംബന്ധിച്ചും പറഞ്ഞു. ജർമൻ ജമാഅത്തിന് അവിടെ സർക്കാരിൽ നിന്നും സ്റ്റേറ്റസ് ലഭിച്ചു കഴിഞ്ഞു. ഇനി ജമാഅത്തിന് അവിടെ സ്കൂളുകൾ തുറക്കാവുന്നതാണ്. മാത്രമല്ല മറ്റ് പരിപാടികളും സംഘടിപ്പിക്കാവുന്നതാണ്. ചർച്ചിനായി ഒരു പരിധി വരെ കരം പിരിക്കാവുന്നതാണ് അപ്പോൾ ഞാൻ പറഞ്ഞു, ജമാഅത്ത് ചന്ദ നൽകുന്നത് സന്തോഷത്തോടുകൂടിയാണ്. ഈ പള്ളിയും ത്യാഗങ്ങൾ സമർപ്പിച്ചു കൊണ്ടാണ് ജമാഅത്ത് നിർമ്മിച്ചിട്ടുള്ളത്. അതിനാൽ ഞങ്ങൾക്ക് യാതൊരു വിധത്തിലുള്ള കരത്തിന്റെയും ആവശ്യമില്ല. സർക്കാരിൽ നിന്നുള്ള യാതൊരു സഹായത്തിന്റെയും ആവശ്യവുമില്ല. ജനങ്ങളെ നിർബന്ധിക്കേണ്ടതുമില്ല. നമ്മുടെ അഹ്മദികൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ സ്വയം ത്യാഗങ്ങൾ സമർപ്പിച്ചു കൊണ്ട് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായി ജമാഅത്തിനു വേണ്ടിയും മനുഷ്യത്വത്തിന് വേണ്ടിയും ചെലവ് ചെയ്യുന്നു.

ഒരു അതിഥി എഴുതുന്നു, ഖിലാഫത്തും ജമാഅത്തും തമ്മിലുള്ള ബന്ധം ധാരാളമായി അന്യർക്കും ദൃശ്യമാകുന്നു. പിന്നീട് എഴുതുന്നു, അഹ്മദിയ്യത്തിൽ ഖലീഫയോടുള്ള സ്നേഹത്തിന് ലോകത്തിലുള്ള മറ്റ് ബന്ധങ്ങളിൽ മാതൃക ലഭിക്കുന്നതല്ല. അഹ്മദികൾക്ക് തങ്ങളുടെ ഖലീഫയുടെ സമീപദർശനം അവിസ്മരണീയമാണ്. ജമാഅത്തിനും ഖിലാഫത്തിനുമുള്ള പരസ്പര സ്നേഹത്തെ അന്യരും മനസ്സിലാക്കുന്നുണ്ട്. ധാരാളം അതിഥികൾ ഇക്കാര്യത്തെ വെളിപ്പെടുത്തുകയും ചെയ്തു.

സംയുക്തമായിട്ടുള്ള ഒരേ തരത്തിലുള്ള അഭിപ്രായങ്ങളെ ഞാൻ വിടുകയാണ്. ഇസ്ലാമിന്റെയും ജമാഅത്തിന്റെയും അദ്ധ്യാപനങ്ങൾ എല്ലാ മതങ്ങളെയും ബഹുമാനത്തോടെ കാണുക എന്നതാണ്. ഇതാണ് ഞങ്ങളുടെ അദ്ധ്യാപനം. ഈ പള്ളികൾ പ്രസ്തുത ലക്ഷ്യത്തെ പൂർത്തിയാക്കുന്നവയായിരിക്കും എന്ന് ഞാൻ പറഞ്ഞപ്പോൾ പത്രക്കാർ അതിനെ വളരെയധികം പ്രമുഖമാക്കി നൽകുകയുണ്ടായി. തങ്ങളുടെ വെബ്സൈറ്റിൽ ധാരാളം ചിത്രങ്ങളോടു കൂടി അതിനെ ഉൾപ്പെടുത്തുകയും ചെയ്തു.

പള്ളിയുടെ ധാരാളം പ്രചാരണം സംഭവ്യമായതു പോലെ ജർമനിയുടെ വാർഷിക സമ്മേളനത്തിലൂടെയും ധാരാളം പ്രചാരണം സാധ്യമാകുകയും ചെയ്തു. ഇത്തവണ ഫ്രാൻസിൽ നിന്നും ബെൽജിയത്തിൽ നിന്നും എത്തിയ നവ അഹ്മദികളും അനുഭാവികളും കൂടാതെ, മാൾസ്റ്റർ, സ്റ്റോണിയ, ഐസ്റ്റ്ലാന്റ്, ലഥേനിയ, ഹംഗറി, റഷ്യ, ലറ്റ്വിയ, കസാക്കിസ്ഥാൻ, കിർഗിസ്ഥാൻ, കുസോൾവോ, ബൾഗാരിയ, അൽബാനിയ, മെസഡോണിയ എന്നിവടങ്ങളിൽ നിന്നും എത്തിയിരുന്നു. അതിൽ അമുസ്ലിം സുഹൃത്തുക്കളും ഉണ്ടായിരുന്നു. ജമാഅത്തിനോട് അനുകമ്പയുള്ളവരും അതിൽ ഉൾപ്പെട്ടിരുന്നു. അനുഭാവികളും അഹ്മദികളും ഉൾപ്പെട്ടിരുന്നു. ബൽഗാറിയായിലെ 80 ാളം പേരടങ്ങിയ ഒരു വലിയ സംഘവും ഉണ്ടായിരുന്നു. മെസഡോണയിൽ നിന്നും 53 പേരടങ്ങിയ സംഘമായിരുന്നു എത്തിയത്. അതിൽ 15 പേർ ക്രിസ്തീയരായിരുന്നു. 10 പേർ അനഹ്മദികളായിരുന്നു. ബാക്കി അഹ്മദികളായിരുന്നു. ആയിരക്കണക്കിന് മൈലുകൾ യാത്ര ചെയ്താണ് ഇവർ എത്തിയത്.

ജൽസയുടെ ആത്മീയ അന്തരീക്ഷത്തിൽ നിന്ന് ഞങ്ങൾ വളരെയധികം പ്രഭാവിതരാണ് എന്നതായിരുന്നു എല്ലാവരുടെയും അഭിപ്രായം. ഞങ്ങളിൽ അസാധാരണമായ പരിവർത്തനം സംജാതമായിരിക്കുന്നു എന്ന് അഹ്മദികൾ തുറന്ന് പറയുകയുണ്ടായി. ഇത്തരത്തിലുള്ള ദൃശ്യങ്ങൾ ഞങ്ങൾ ഒരിടത്തും കണ്ടിട്ടില്ല എന്നതായിരുന്നു അന്യരുടെ അഭിപ്രായങ്ങൾ.

ജർമനിയുടെ സമ്മേളനം, യൂറോപ്പിലെ പ്രത്യേകിച്ച് കിഴക്കൻ യൂറോപ്പിലെ പ്രദേശങ്ങൾക്ക് ഒരു കേന്ദ്രമായിരിക്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവിടെ വ്യത്യസ്ത നാടുകളിൽ നിന്ന് ജനങ്ങൾക്ക് സൗകര്യമായി വന്ന് പോകാൻ സാധിക്കുന്നതാണ്. അതിനാൽ പ്രചാരണമേഖലയും വിശാലമായിക്കൊണ്ടിരിക്കുകയാണ്.

എപ്പോഴും നമ്മെ സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ ജൽസയിൽ വെളിപ്പെടുത്തിക്കൊണ്ടിരിക്കാറുണ്ട്. കുട്ടികൾ വെള്ളം കുടിപ്പിക്കുന്നതിനെ സംബന്ധിച്ചും, സേവനം ചെയ്യുന്നതിനെ സംബന്ധിച്ചും, വൃദ്ധരെ സേവിക്കുന്നതിനെ സംബന്ധിച്ചും, ഒരു സംവിധാനത്തിന് കീഴിൽ എല്ലാം നടക്കുന്നതിനെ സംബന്ധിച്ചുമെല്ലാം അഭിപ്രായം പ്രകടിപ്പിക്കാറുണ്ട്. ഇത്തവണയും അതുണ്ടായിട്ടുണ്ട്. പ്രത്യുത, ചിലർ പറഞ്ഞത് ഇത് ഞങ്ങൾക്ക് ദൃഷ്ടാന്തമാണെന്നാണ്.

മെസഡോണയിൽ നിന്ന് വന്ന ഇംഗ്ലീഷ് പ്രൊഫസറായ മിലിജ തറാബി സാഹിബ എന്ന സ്ത്രീ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുക്കൊണ്ട് പറയുന്നു, ആദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്. എല്ലാം ഒരു സംവിധാനത്തിന് കീഴിൽ വ്യവസ്ഥാപിതമായ നിലയിലാണ് നടക്കുന്നത്. കുട്ടികൾ മുതൽ മുതിർന്നവർ വരെ പരസ്പരം സഹായിക്കുന്നുണ്ടായിരുന്നു. അതിൽ നിന്നും നിങ്ങളുടെ ജമാഅത്ത് വളരെ ഉന്നതമായ പദവിയിലാണെന്ന് മനസ്സിലാകുന്നു. ഇസ്ലാമെന്നാൽ സ്നേഹവും ബഹുമാനവും ആദരവും എല്ലാവർക്കും സമാധാനം എന്നാണെന്നാണ് നിങ്ങളുടെ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണത്തിൽ നിന്ന് എനിക്ക് മനസ്സിലായത്. പറയുന്നു, ജൽസ എന്നെ തന്നെ മാറ്റിയിരിക്കുന്നു. ഞാൻ വലിയൊരു മാറ്റം അനുഭവിക്കുന്നുണ്ട്.

അതായത്, അഹ്മദികളിൽ മാത്രമല്ല സ്വാധീനം ചെലുത്തുന്നത് ക്രിസ്ത്രീയരേയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ സ്വാധീനിക്കുന്നുണ്ട്.

മെസിഡോണയിലെ ഒരു ഡോക്ടറായ വഹാൻ സാഹിബ് സംഘത്തോടൊപ്പം ജൽസയിൽ എത്തിച്ചേർന്നു. പറയുന്നു, ഞാൻ ഡോക്ടറാണ്. ബൽക്കാനിയായും മഹ്ദൂമും തമ്മിൽ നടന്ന കഴിഞ്ഞ മുന്ന് യുദ്ധങ്ങളിലും പരിക്കേറ്റവരെ ശുശ്രൂഷിക്കുന്നതിനുള്ള അവസരം ലഭിച്ചിരുന്നു. സാമുദായിക ഭിന്നതയില്ലാതെ ഞാൻ സേവനം അനുഷ്ടിച്ചു. ജൽസയിൽ ഞാൻ വ്യത്യസ്ഥ സമുദായക്കാരെ കണ്ടു. അവരിൽ യാതൊരു വ്യതിരിക്തതയും ഉണ്ടായിരുന്നില്ല. ഞാനിവിടെ കാലത്തിന്റെ ഖലീഫയുടെ പ്രഭാഷണങ്ങൾ ശ്രവിച്ചപ്പോൾ എനിക്ക് യഥാർത്ഥ സ്ഥലം ലഭ്യമായി എന്നെനിക്ക് ബോധ്യമായി. എനിക്ക് ഈ പരിവർത്തനത്തിലൂടെ കടന്നു പോകേണ്ടിവരുന്നതുമാണ്. അദ്ദേഹം ബൈഅത്ത് ചെയ്യാനായി തീരുമാനിക്കുകയും ജൽസയുടെ അവസാന ദിവസം ബൈഅത്ത് ചെയ്യുകയും ചെയ്തു. പറയുന്നു, ഞാൻ ഹജ്ജിന് പോയിട്ടുണ്ട്. അവിടെ മുസ്ലിംകൾ എത്തരത്തിലുള്ളവരാണെന്ന് ഞാൻ കണ്ടു. അവിടെ ഞാൻ ഇസ്ലാമിന്നെതിരായുള്ള രാഷ്ട്രീയ കളികളാണ് കണ്ടത്. അതായത് മുസ്ലിംകളുടെ വാക്കുകളിലും പ്രവർത്തികളിലും ധാരാളം വൈരുദ്ധ്യം ഉണ്ടായിരുന്നു. രാഷ്ട്രീയമായിരുന്നു അധികവും ഉണ്ടായിരുന്നത്. പറയുന്നു, അതിൽ ഹൃദയത്തിന് ഒരു സംതൃപ്തിയും ലഭിക്കില്ലായിരുന്നു. എന്നാൽ ജമാഅത്ത് സമർപ്പിക്കുന്ന പരിഷ്കരണം അത് ഉത്തമമായതാണ്. ജമാഅത്ത് ആരെയും ഇസ്ലാമിൽ നിന്ന് പുറത്താക്കുന്നില്ല. മറിച്ച് ഇസ്ലാമിൽ ഉറപ്പിച്ചു നിർത്തുന്നു. പറയുന്നു, ഞാൻ അഹ്മദിയ്യത്ത് സ്വീകരിച്ചിരിക്കുന്നു. എനിക്കായി ഇതാണ് നേരായ മാർഗം. പറയുന്നു, വലിയ അത്ഭുതം തന്നെയാണ്. ഇത്ര വലിയ ജനക്കൂട്ടം പോലീസുകാരുമില്ല .ഇത് കണ്ട് ആശ്ചര്യം തോന്നി. കലഹമൊന്നും ഉണ്ടാകുന്നതല്ല എന്ന് ഭരണകൂടത്തിനും ഉറപ്പുണ്ട്. പിന്നീട് പറയുന്നു, കാലത്തിന്റെ ഖലീഫ പരാമർശിച്ച ചില വസ്തുതകൾ ഒരു മൗലവിയിൽ നിന്നും കേട്ടിട്ടില്ല. ഇതെല്ലാം തന്നെ വളരെ സ്പഷ്ടമായിരുന്നു. ഇവരിൽ ഒരു ഖലീഫയുണ്ടെന്ന് അറിവ് ലഭിച്ചപ്പോൾ എനിക്ക് മാർഗം ലഭിച്ചു എന്നെനിക്ക് ബോധ്യമായി. കാരണം നമുക്ക് ഖലീഫയുടെയും മാർഗദർശനത്തിന്റെയും ആവശ്യമുണ്ട്.

പിന്നീട് മെസഡോണിയായിലെ ഒരു നവ അഹ്മദിയായ യുവാവ് ആദ്യം കണിശക്കാരനായ മുസ്ലിമായിരുന്നു. തന്റെ പിതാമഹൻ അനഹ്മദി മൗലവിയാണെന്നും അഹ്മദിയ്യത്ത് സ്വീകരിച്ചപ്പോൾ അയാളിൽ നിന്ന് ധാരാളം എതിർപ്പുകൾ ഉണ്ടായെന്നും അദ്ദേഹം പറയുന്നു. എതിർപ്പ് കാരണത്താൽ 6 മാസമായി വീട്ടിൽ നിന്ന് പുറത്ത് പോകേണ്ടിവന്നു. എന്നാൽ സ്ഥിരചിത്തനായി നിലകൊണ്ടു. പിന്നീട് അദ്ദേഹത്തിന്റെ ഭാര്യയും ബൈഅത്ത് ചെയ്തു. ഇവിടെ ജൽസയിൽ വന്നിട്ടുണ്ടായിരുന്നു. മെസഡോണിയായിലെ ആളുകൾ രചിച്ച ഒരു പദ്യം കേൾപ്പിക്കുന്നതിനുള്ള അനുവാദവും അദ്ദേഹം തേടിയിരുന്നു. അപ്പോൾ കേൾപ്പിക്കുക എന്ന് ഞാൻ പറഞ്ഞു. ആ പദ്യം അദ്ദേഹവും ഏതാനും കുട്ടികളും ചേർന്ന് അവതരിച്ചപ്പോൾ അവിടെ ഒരു വിചിത്രമായ പരിതസ്ഥിതി സംജാതമായി. എം.ടി.എ ക്കാർ അത് കാണിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. إِنْ شَاءَ اللّٰهُ അതിൽ പങ്കെടുത്ത പ്രാദേശികരായ കുട്ടികളുടെയും ശബ്ദവും നല്ലതായിരുന്നു. നബി (സ)യുടെ സ്തുതിയും ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ ആഗമനത്തെ സംബന്ധിച്ചുമായിരുന്നു അത്. ജൽസയിൽ കേൾപ്പിക്കുന്നതിനുള്ള അവസരം നൽകണമെന്ന് പറഞ്ഞിരുന്നു. എന്നാൽ അവസരം ലഭിച്ചില്ല. ഏതായാലും അവർ പദ്യം കേൾപ്പിച്ചു.

ഉർദു പദ്യം മാത്രം ആലപിക്കുന്നതിനു പകരമായി വ്യത്യസ്ത സമുദായക്കാർക്കും ആളുകളും അവസരം ചോദിക്കുകയാണെങ്കിൽ പിന്നീട് പദ്യം ആലപിക്കുന്നതിനുള്ള അവസരം നൽകേണ്ടതാണെന്ന് ജൽസയിലെ സംഘാടകരോട് ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. ലജ്നകളിലും ഇത്തവണ ജർമൻ പദ്യമാലപിക്കുന്നവർക്ക് വലിയ പരാതിയുണ്ട്. അവസാനത്തിൽ ഉർദു പദ്യമാണ് കൂടുതൽ ആലപിക്കപ്പെട്ടത് . അതിനാൽ അവരും ശ്രദ്ധിക്കേണ്ടതാണ്.

ജൽസയിൽ പങ്കെടുത്ത ബെൽജിയത്തിലെ ഒരു സുഹൃത്ത് പറയുന്നു, ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ പരസ്പര സാഹോദര്യത്തിലും, സ്നേഹത്തിലും, മാനവിക സേവനത്തിലും വളരെ പ്രഭാവിതനാണ്. പറയുന്നു, ഞാൻ രണ്ട് വർഷത്തോളം ജമാഅത്തിന്റെ അദ്ധ്യാപനങ്ങളെ കുറിച്ച് പഠിച്ചു. ഞാൻ മുസ്ലിമായിരുന്നുവെങ്കിലും ഇതിനെ സംബന്ധിച്ച് ആർക്കും അറിവുണ്ടായിരുന്നില്ല. ഒരിക്കൽ ഞാൻ സ്വപ്നത്തിൽ ബാങ്കിന്റെ ശബ്ദം കേട്ടു. അപ്പോൾ എന്നെ നമസ്കാരത്തിലേക്ക് വിളിക്കുകയാണെന്നെനിക്ക് തോന്നി. അതായത് ഇസ്ലാമിലേക്ക് വിളിക്കുന്നു. ഇന്ന് ഞാൻ കാലത്തിന്റെ ഖലീഫയുടെ പ്രഭാഷണം കേട്ടപ്പോൾ അത് എന്നിൽ പരിവർത്തനം ഉണ്ടാക്കി. ബൈഅത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിക്കുന്നതാണെന്ന് ഞാൻ തീരുമാനിച്ചു. അങ്ങനെ അദ്ദേഹം ബൈഅത്ത് ചെയ്തു.

പിന്നീട് പറയുന്നു, ഞങ്ങളുടെ അടുത്തുള്ള അയാസ് സാഹിബ് പറയുന്നു, ജൽസയുടെ ആദ്യ ദിവസം വൈകുന്നേരം അനുഭാവിയായ ഘാനയിലെ സുഹൃത്തിനെ സദർ ജമാഅത്ത് ഒരു സ്ഥലത്തേക്ക് കൊണ്ടു പോയി. യുവാവിന്റെ ഹൃദയം ജമാഅത്തിനെ സംബന്ധിച്ച് ശുദ്ധമാണെന്ന് തോന്നി. എന്നാൽ ചോദിച്ചപ്പോൾ ചില പ്രശ്നങ്ങളുണ്ട് അതിനാൽ ഇപ്പോൾ ബൈഅത്ത് ചെയ്യുന്നതല്ല എന്നാണ് പറഞ്ഞത്. ഏതായാലും രാത്രി ആലോചിച്ച് പറയണമെന്ന് പറഞ്ഞ് മടങ്ങി. രാത്രി ഉറങ്ങാനായി വന്നപ്പോൾ വളരെ ആവേശത്തോടു കൂടി പറഞ്ഞു, അതിഥികൾക്കായുള്ള കാലത്തിന്റെ ഖലീഫയുടെ പ്രഭാഷണം ഞാൻ കേട്ടു. ഇനി അഹ്മദിയാകാൻ യാതൊരു കാരണവും ശേഷിക്കുന്നില്ല. അതിനാൽ ഞാൻ ബൈഅത്ത് ചെയ്തിട്ടാണ് വന്നിരിക്കുന്നത്.

ഒരു ക്രിസ്തീയ സുഹൃത്ത് ജൽസയിൽ പങ്കെടുത്തതിന്റെ അഭിപ്രായം വെളിപ്പെടുത്തികൊണ്ട് പറയുന്നു, കാലത്തിന്റെ ഖലീഫയുടെ പ്രഭാഷണം കേട്ടപ്പോൾ എനിക്ക് വളരെ സന്തോഷം തോന്നി. കാരണം ഇസ്ലാമിന്റെ വീക്ഷണം എന്താണെന്നും, ഇസ്ലാമിക അദ്ധ്യാപനങ്ങൾ എന്ത് പാഠമാണ് നൽകുന്നതെന്നും, വളരെ സംക്ഷിപ്തമാണെങ്കിലും വ്യക്തമായി പറയുകയുണ്ടായി. ഞാൻ ക്രിസ്തീയ സഹോദരന്മാരിൽ നിന്നും ഇത്തരത്തിലുള്ള വ്യക്തവും സുതാര്യവുമായ വാക്കുകൾ കേൾക്കാൻ ആഗ്രഹിക്കുന്നു. എന്നാൽ

അധികവും അങ്ങനെ സംഭവിക്കാറില്ല. തികച്ചും സ്പഷ്ടവും സുതാര്യവുമായ വാക്കുകൾ പറയാൻ സാധിക്കുന്നവർ വളരെ ദുർലഭമാണ്.

ഒരു സ്ത്രീ പറഞ്ഞു, ഇവിടെ വന്ന് എനിക്ക് പുതിയ പുതിയ കാര്യങ്ങൾ പഠിക്കാനുള്ള അവസരം ലഭിച്ചിരിക്കുന്നു. എനിക്ക് അറിവുണ്ട് എന്ന് ഞാൻ ധരിച്ചിരുന്ന പല കാര്യങ്ങളെയും സംബന്ധിച്ച് ഇവിടെ വന്നതിന് ശേഷം പുതിയ രീതിയിൽ അറിവ് കരസ്ഥമായി. പറയുന്നു, ഖലീഫയുടെ പ്രഭാഷണം ശ്രവിച്ചപ്പോൾ ഞാൻ അതിൽ വളരെയധികം പ്രഭാവിതയായി. അദ്ദേഹം സങ്കീർണവും കുഴഞ്ഞു മറിഞ്ഞതുമായ വിഷയങ്ങളെ സംബന്ധിച്ച് സംസാരിച്ചു. കാര്യങ്ങൾ മനസ്സിലാകുന്നതിനായി തിയോളജിയിൽ ധാരാളം ഗ്രന്ഥങ്ങൾ രചിക്കപ്പെടുന്ന വിഷയത്തെ സംബന്ധിച്ച് അദ്ദേഹം വളരെ എളുപ്പമായ രീതിയിൽ മനോഹരമായി പരാമർശിച്ചു. അതിന്റെ നിലവാരവും മനസ്സിലാക്കാൻ സാധിച്ചു. എല്ലാവർക്കും മനസ്സിലാക്കാൻ കഴിയുന്ന തരത്തിലാണ് ഖലീഫ ഇസ്ലാമിന്റെ അദ്ധ്യാപനങ്ങളെ കുറിച്ചും അല്ലാഹുവിനെ കുറിച്ചും വിശദീകരിച്ചത്. ആർക്കും യാതൊരു തെറ്റിദ്ധാരണയും ഉടലെടുക്കുകയില്ലായിരുന്നു.

നമ്മുടെ ഒരഹ്മദി പറയുന്നു, ഒരു ജർമൻ യുവാവ് തന്റെ അഹ്മദി സുഹൃത്തിനോടൊപ്പം എന്റെ അടുക്കൽ വന്നു. പറഞ്ഞു, ഞാൻ ക്രിസ്തീയനാണ്. അദ്ദേഹവുമായി സംസാരിച്ചപ്പോൾ മുസ്ലിംകളെ പോലെ സംസാരിക്കാൻ തുടങ്ങി. ഹദ്റത് നബി (സ) തിരുമേനിയുടെ നാമം വളരെ ആദരവും ബഹുമതിയോടും കൂടി പൂർണമായും ഹദ്റത് മുഹമ്മദ് (സ) എന്നു പറയുന്നുണ്ടായിരുന്നു. നമസ്കാരത്തിന്റെ സമയമായി, ഞാൻ വുളു എടുത്താണ് വന്നിരിക്കുന്നത്, കാലത്തിന്റെ ഖലീഫയുടെ പിന്നിൽ നമസ്കരിക്കണം എന്നും പറഞ്ഞു. ഞാൻ പറഞ്ഞു, തുടക്കത്തിൽ നിങ്ങൾ ക്രിസ്ത്യാനിയാണെന്ന് പറഞ്ഞു. എന്നാൽ നിങ്ങളുടെ സംസാരത്തിൽ നിന്നും മുസ്ലിമാണെന്ന് തോന്നുന്നു. പറഞ്ഞു, 6 മാസം മുമ്പ് അഹ്മദിയ്യത്തിനെ പരിചയപ്പെട്ടു. ലൈഫ് ഓഫ് മുഹമ്മദ് എന്ന് ഗ്രന്ഥം വായിച്ചിട്ടുണ്ട്. ഞങ്ങളുടെ പാതിരിയുമായി സംസാരിച്ചപ്പോൾ അയാൾക്ക് മറുപടി നൽകാൻ സാധിച്ചില്ല. എന്റെ മനസ് മാറിയിരുന്നു ക്രിസ്തുമതം ഉപേക്ഷിച്ചിരുന്നു. എന്റെ ശ്രദ്ധ ഇപ്പോൾ മുഴുവനായും ഇസ്ലാമിലേക്കാണ്. ഈ ഗ്രന്ഥം വായിച്ചപ്പോൾ നബി തിരുമേനി (സ) യുടെ വ്യക്തിത്വത്തെ കുറിച്ചുള്ള അറിവ് ലഭിച്ചു. ശേഷിക്കുന്ന തടസ്സങ്ങളും അല്ലാഹു ദുരീകരിക്കുന്നതിനായി ദു:ആ ചെയ്യുക.

ലിഥേനിയിൽ നിന്നും ഭാഷയുടെ ഉസ്താദായ ഒരു ജർമൻ കാരനായ കോൾഹൈൻസ് വന്നിരുന്നു. പറയുന്നു, ഞാൻ വളരെ പ്രഭാവിതനാണ്, സന്തോഷവാനാണ്. ആദ്യമായാണ് ജമാഅത്തിനെ ഇത്ര ഭംഗിയായി പരിചയപ്പെടാൻ സാധിച്ചത്. ജൽസയ്ക്ക് മുമ്പ് ഇസ്ലാമിനെ കുറിച്ച് മോശമായി ചിന്തിച്ചിരുന്നു. അത് പൂർണ്ണായും മാറിക്കഴിഞ്ഞു. മതങ്ങൾക്കിടയിൽ ധാരാളം കാര്യങ്ങൾ സമാനമാണെന്നും ഞാൻ രേഖപ്പെടുത്തുകയുണ്ടായി. ഉദാഹരണമായി ദൈവത്തെ കുറിച്ചുള്ള ഈ സങ്കൽപ്പം, ദൈവത്തിന്റെ കാരുണ്യം തുടങ്ങിയവ. പിന്നീട് പറയുന്നു, ജനങ്ങൾ കയ്യടിക്കുന്നതു പകരം മുദ്രാവാക്യം മുഴക്കുന്നതിനെന്തിനാണെന്ന് ഞാൻ ചിന്തിച്ചിരുന്നു. കയ്യടിക്കുന്നതിലൂടെ സന്തോഷപ്രകടനമാണ് ഉണ്ടാകുന്നത്. തൽസംബന്ധമായി വളരെ നല്ല രീതിയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം എനിക്ക് മറുപടി നൽകി. അത് സംതൃപ്തി നൽകുന്ന മറുപടിയായിരുന്നു. അദ്ദേഹം പറഞ്ഞത്, കയ്യടിക്കുന്നത് സന്തോഷപ്രകടനമായിട്ടാണെന്നത് ശരിതന്നെ. എന്നാൽ മുദ്രാവാക്യം മുഴക്കുന്നതിൽ സന്തോഷപ്രകടനവും അതോടൊപ്പം ദൈവ സ്തുതിയും ഉൾപ്പെടുന്നു.

മാർക്ക് മോൺകേ ബേലു എന്ന കൃസ്തീയ പാതിരി, അദ്ദേഹം യൂണിവേഴ്സിറ്റി ഓഫ് മാൾട്ടയിൽ തത്വശ്സ്ത്രം പഠിപ്പിക്കുന്നത് കൂടാതെ പ്രാദേശിക പത്രങ്ങളിൽ ലേഖനങ്ങളും എഴുതുന്നുണ്ട്. നിരുപകനായ പാതിരി എന്നാണ് അറിയപ്പെടുന്നത് ചർച്ചിലെ ചില നയങ്ങളെ സംബന്ധിച്ച് നിഷ്പക്ഷ അഭിപ്രായങ്ങളും നൽകാറുണ്ട്. ചർച്ചിലെ നിയമങ്ങളെ സംബന്ധിച്ച് അഭിപ്രായഭിന്നതയും ഉണ്ട്. മാധ്യമങ്ങളിലെല്ലാം അത് വെളിപ്പെടുത്തുകയും ചെയ്യാറുണ്ട്. ഇസ്ലാമിക തത്വജ്ഞാനം എന്ന ഗ്രന്ഥം വായിച്ചിട്ടുണ്ട്. ഖലീഫത്തുൽ മസീഹ് റാബിഅ് (റ) യുടെ ഗ്രന്ഥമായ ഇസ്ലാംസ് റെസ്പോൺസ് ടു കണ്ടംപററി ഇശ്ശ്യൂസ് എന്ന ഗ്രന്ഥവും വായിച്ചിട്ടുണ്ട്. യേശു മിശിയാ ഇന്ത്യയിൽ എന്ന ഗ്രന്ഥവും വായിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു, ജൽസയിൽ പങ്കെടുത്തതോടു കൂടി നിങ്ങളുടെ ജമാഅത്തുമായുള്ള ബന്ധത്തെ സുദൃഢമാക്കുന്ന പ്രഭാവം എന്നിൽ ഉണ്ടായിരിക്കുന്നു. ജമാഅത്തിനെ സംബന്ധിച്ചുള്ള നല്ല അഭിപ്രായത്തിൽ വർദ്ധനവുണ്ടായിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്ത് സമാധാനം ആഗ്രഹിക്കുന്ന ഒരു ജമാഅത്താണെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. അവിടെ നിന്ന് അലൈസല്ലാഹു ബികാഫിൻ അബ്ദുഹുവിന്റെ മോതിരവും വാങ്ങി. അതിന്റെ അർത്ഥം പറഞ്ഞു കൊടുത്തപ്പോൾ ഇത് എപ്പോഴും കൂടെ വെക്കേണ്ട വചനമാണെന്നാണ് പറഞ്ഞത്. ഞാനുമായി കൂടിക്കാഴ്ച്ച നടന്നു. പോപ്പിനെ സംബന്ധിച്ച് ചോദ്യങ്ങൾ ചോദിച്ചു കൊണ്ടിരുന്നു. താങ്കൾ എപ്പോഴെങ്കിലും ബന്ധപ്പെട്ടിട്ടുണ്ടോ എന്ന് ചോദിച്ചു. ഞാൻ പറഞ്ഞു, ഒരിക്കൽ ബന്ധപ്പെടുവാൻ ഞങ്ങൾ ശ്രമിച്ചിരുന്നു. എന്നാൽ ബന്ധപ്പെടാൻ സാധിച്ചില്ലെങ്കിലും അദ്ദേഹത്തിന് ഞാൻ കത്തെഴുതിരുന്നു. ലോകസമാധാനത്തെ സംബന്ധിച്ച്. എന്നാൽ നേരിട്ട് അദ്ദേഹത്തിന് കത്ത് എത്തിച്ചിട്ടും അദ്ദേഹം അതിനെ കുറിച്ച് പ്രതികരിച്ചില്ല. വളരെ നിരാശനായി പുഞ്ചിരിക്കുക മാത്രം ചെയ്തു. തൽസംബന്ധമായി ഒരു പഴയ സംഭവമുണ്ട് അത് പരാമർശിക്കാം. ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) മസ്ജിദ് ഫള്ലിന്റെ ശിലാസ്ഥാപനം നിർവഹിച്ച സന്ദർഭത്തിൽ നടത്തിയ സന്ദർശനയാത്രയിൽ ഇറ്റലിയിലും പോയിരുന്നു. അവിടെ പോപ്പുമായി ബന്ധപ്പെടാൻ ശ്രമിച്ചു. ബന്ധപ്പെട്ടപ്പോൾ പോപ്പ് നൽകിയ മറുപടി, എന്റെ ഭവനം നിർമ്മാണത്തിലാണ്. അതിന്റെ അറ്റകുറ്റ പണികൾ നടന്നു കൊണ്ടിരിക്കുകയാണ്. അതിനാൽ കൂടിക്കാഴ്ച്ച സാധ്യമല്ല എന്നാണ്. അവിടെ പത്രപ്രതിനിധിയും വന്നിരുന്നു. അവർ ഹദ്റത് ഖലീഫത്തുൽ മസീഹ് സാനിയോട് ചോദിച്ചു, പോപ്പിനെ കാണുമോ? അദ്ദേഹം പറഞ്ഞു, അതെ. കാണാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ അദ്ദേഹം നൽകിയ മറുപടി ഇതായിരുന്നു. പത്രപ്രതിനിധി തന്റെ പത്രത്തിൽ അതിന്റെ

വാർത്ത പ്രസിദ്ധീകരിച്ചു കൊണ്ട് എഴുതി. പോപ് അഹ്മദിയ്യാ ജമാഅത്തിന്റെ അമീറിനെ കാണുന്നതിൽ നിന്നും പിന്മാറുന്നതിനുള്ള കാരണമായി പറഞ്ഞത് തന്റെ ഭവനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു എന്നാണ്. അതിനു താഴേക്ക് ഇങ്ങനെയും എഴുതി, അഹ്മദിയ്യാ ഖലീഫയെ കാണുന്നതിൽ നിന്ന് രക്ഷപ്പെടുന്നതിനായി അദ്ദേഹത്തിന്റെ ഭവനം ഒരിക്കലും നിർമ്മിച്ച് തീരുന്നതല്ല. ഏതായാലും നമ്മുടെ ഉത്തരവാദിത്വം നാം പൂർത്തിയാക്കുന്നതാണ്.

കിർഗിസ്ഥാനിൽ നിന്ന് വന്ന അഹ്മദിയായ അശീർ അലി സാഹിബ് പറയുന്നു, ഞാൻ 2007 ലാണ് ബൈഅത്ത് ചെയ്തത്. എന്നാൽ ഞങ്ങളുടെ പക്കൽ പള്ളിയില്ല. അഹ്മദിയ്യാ ജമാഅത്തിന്റെ പള്ളിയിൽ നമസ്കരിക്കുവാൻ ആഗ്രഹമുണ്ടായിരുന്നു. നേരത്തെ വന്നു പള്ളിയുടെ ഉദ്ഘാടനങ്ങളിൽ പങ്കെടുത്തു. അങ്ങനെ ഈ ആഗ്രഗ്രഹം അല്ലാഹു പൂർത്തിയാക്കുകയുണ്ടായി.

കാരകൂൽ ഇസ്മാഈൽ സാഹിബ് ഇദ്ദേഹവും അഹ്മദിയ്യത്ത് സ്വീകരിച്ചതിൽ അല്ലാഹുവിന് കൃതജ്ഞത രേഖപ്പെടുത്തികൊണ്ടിരുന്നു. ജൽസയിൽ പങ്കെടുത്തതിൽ അല്ലാഹു നന്ദി അറിയിച്ചുകൊണ്ടിരുന്നു.

നൈജീരിയ വാസിയായ സാലിഹ് അഹ്മദ് എന്ന വ്യക്തി ബൽജിയത്തിലാണ് താമാസിക്കുന്നത്. മുസ്ലിമായിരുന്നു. ഇവിടെ വരികയുണ്ടായി. പറയുന്നു, ആഫ്രിക്കയിൽ ഞാൻ ധാരാളം പണ്ഡിതന്മാരുടെ പ്രസംഗങ്ങൾ കേട്ടിട്ടുണ്ട്. എന്നാൽ കാലത്തിന്റെ ഖലീഫയുടെ പ്രഭാഷണത്തിൽ നിന്നെനിക്ക് ലഭിച്ച സ്വാധീനവും ഗുണവും ഇതിനു മുമ്പൊരിക്കലും ലഭിച്ചിരുന്നില്ല. ഞാനീ ജമാഅത്തിനെ വളരെ അടുത്ത് നിന്ന് കണ്ടിട്ടുണ്ട്. ഞാനീ ജൽസയിൽ അഹ്മിയ്യത്തിൽ പ്രവേശിക്കുന്നതിനുള്ള തീരുമാനമെടുത്തിരിക്കുന്നു. അങ്ങനെ അദ്ദേഹം ബയ്അത്ത് ചെയ്തു.

അതു പോലെ ഒരു മറാകശി സുഹൃത്ത് ജമീൽ തൗഫീഖ് സാഹിബ് പറയുന്നു, ഞാൻ മറ്റ് മുസ്ലിംകളുടെ വ്യാഖ്യാനവും വായിച്ചിട്ടുണ്ട്. അഹ്മദിയ്യാ ജമാഅത്ത് എഴുതിയിരിക്കുന്ന വ്യാഖ്യാനവും വായിച്ചിട്ടുണ്ട്. എന്നാൽ യഥാർത്ഥ വ്യാഖ്യാനം ഹദ്റത് മസീഹ് മൗഊദ് (അ) ഉം ഖലീഫമാരും എഴുതിയിട്ടുള്ളതാണ്. അദ്ദേഹത്തിന്റെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുണ്ടായി. പറയുന്നു, എനിക്ക് പൂർണ തൃപ്തിയായിരുന്നു. ഞാൻ അഹ്മദിയ്യത്ത് സ്വീകരിച്ചു. ഇവിടെ ജൽസയിൽ പങ്കെടുത്ത ശേഷം എന്റെ ഭാര്യയും ബയ്അത്ത് ചെയ്തു.

നൈജറിലെ മറ്റൊരു മുസ്ലിം സുഹൃത്ത് പറയുന്നു, ആരെങ്കിലും ജീവിച്ചിരിക്കുമായിരുന്നുവെങ്കിൽ ഹദ്റത് റസൂൽ തിരുമേനി (സ) ആണ് ജീവിച്ചിരിക്കേണ്ടത്. ഈസാ നബി (അ) അല്ല. തൽസംബന്ധമായി ഞാനെപ്പോഴും ചിന്തിക്കുമായിരുന്നു. ബൽജിയമിൽ വന്നപ്പോൾ അഹ്മദികളുമായി ബന്ധമുണ്ടായി. അപ്പോൾ എന്റെ ഈ പ്രശ്നം പരിഹരിക്കപ്പെട്ടു. അദ്ദേഹം തന്റെ സുഹൃത്തിനോട് അതെ കുറിച്ച് പറഞ്ഞു. അദ്ദേഹവും പറഞ്ഞത് ജമാഅത്ത് സത്യമാണെന്നാണ്. പിന്നീട് എനിക്ക് ഖിലാഫത്തിനെ കുറിച്ചും അതിന്റെ അനുഗ്രഹങ്ങളെയും കുറിച്ചും മനസ്സിലായി. ഒരു ഇമാമും ഖലീഫയുമുള്ള ഈ ജമാഅത്ത് ലഭിച്ചതിൽ ഞാൻ വളരെ സന്തോഷവാനാണ്. കാരണം ഖിലാഫത്ത് നിന്നിടത്തോളം കാലം ഇസ്ലാം പുരോഗതി പ്രാപിച്ചിരിന്നു. എനിക്ക് ഈ ജമാഅത്തിൽ ഏറ്റവും ഇഷ്ടപ്പെട്ട വസ്തുത, ജമാഅത്ത് കാര്യങ്ങൾ സമർപ്പിക്കുമ്പോഴെല്ലാം തന്നെ എപ്പോഴും അതിന്റെ പിന്തുണക്കായി ഖുർആന്റെയും ഹദീസിന്റെയും തെളിവ് നൽകുന്നു എന്നാതാണ്. ആദ്യം ബയ്അത്ത് ചെയ്തിരുന്നില്ല. അവസാന ദിവസം ബൈഅത്ത് ചെയ്തു.

കിർഗിസ്ഥാനിലെ ബാമതു സാഹിബ് പറയുന്നു, കാലത്തിന്റെ ഖലീഫയുമായി കൂടിക്കാഴ്ച്ച നടത്തുവാൻ സാധിക്കുമോ ഇല്ലയോ എന്ന് ചിന്തിച്ചിരുന്നു. ഇദ്ദേഹം ആദ്യം തന്നെ അഹ്മദിയായിരുന്നു. പിന്നീട് ഇതെല്ലാം കണ്ടപ്പോൾ എന്റെ വിശ്വാസം കൂടുതൽ ദൃഢമായി. കിർഗിസ്ഥാനിലെ അഹ്മദികൾക്കു വേണ്ടിയും ധാരാളം ദുആ ചെയ്യുക അവരുടെ അവസ്ഥയും വളരെ കഠിനതരമാണ്. അല്ലാഹു അവരുടെ പ്രയാസങ്ങളെ ദുരീകരിക്കട്ടെ. അവിടെ പ്രശ്നങ്ങൾ സൃഷ്ടിച്ച നാമധാരികളായ മുല്ലാക്കൾക്ക് ഒന്നുകിൽ ബുദ്ധി നൽകട്ടെ അല്ലെങ്കിൽ ശിക്ഷ നൽകട്ടെ.

ലബനിയായ ഒരു നവ അഹ്മദി പറയുന്നു, 13 വയസ്സുള്ള എന്റെ കുട്ടി എന്നോട് പറഞ്ഞു, നിങ്ങൾ എപ്പോഴും അവസാന കാലത്തെ ഫിത്നയെ സംബന്ധിച്ച് ഭയപ്പെടുത്തുന്നു. എന്നാൽ അവസാന കാലം എപ്പോഴാണ് വരുന്നതെന്ന് കൂടി പറഞ്ഞ് തരിക. ഞാൻ പറഞ്ഞു, ഈ കാലഘട്ടത്തിൽ ഇനി നൂറുക്കണക്കിന് വർഷങ്ങൾ ബാക്കിയുണ്ടായിരിക്കാം. എന്റെ മകൻ പറഞ്ഞു ഇത് ശരിയല്ല. നാം അവസാനകാല ഘട്ടത്തിലാണ് ഉള്ളത്. 12,13 വയസ്സുള്ള കുട്ടിയാണ് അവരോടിത് പറയുന്നത്. പിന്നീട് ആ കുട്ടി പറഞ്ഞു, താങ്കൾ ദജ്ജാലിനെ കുറിച്ച് പറയാറുണ്ട്. അത് വിചിത്രമായ ഒരു സൃഷ്ടിയായിരിക്കുമെന്ന്. അതും ശരിയല്ല. കാരണം ദജ്ജാൽ എന്നത് ഒരു വ്യക്തിയുടെ പേരല്ല മറിച്ച്, അത് കൊണ്ടുദ്ദേശിക്കുന്നത് ഒരു സമുദായമാണ്. അത്തരത്തിലുള്ള ദജ്ജാൽ വെളിപ്പെട്ടു കഴിഞ്ഞു. അതിനാൽ നാം ദജ്ജാലിന്റെ കാലത്തിലാണ് ജീവിക്കുന്നത്. പറയുന്നു, ഇത് കേട്ട് ഞാൻ അത്ഭുതപ്പെട്ടു. നിനക്ക് ഇത്രയും വിവരങ്ങൾ എവിടുന്ന് ലഭിച്ചു എന്ന് ചോദിച്ചു. പറഞ്ഞു വിവിധ ടി.വി ചാനലുകൾ കാണുന്നതിനിടയിൽ ഒരിക്കൽ ഞാൻ എം.ടി.എ യുടെ സംപ്രേഷണം കാണാനിടയായി. അതിന് ശേഷം നിരന്തരമായി ഞാനത് കാണുന്നുണ്ട്. അതിൽ നിന്നാണ് എനിക്കീ അറിവുകൾ ലഭിച്ചത്. പിതാവ് പറയുന്നു, എനിക്ക് ജർമനി ഭാഷ അറിയില്ലായിരുന്നു. അതിനാൽ അധികവും മകനോട് പരിപാടിയെ സംബന്ധിച്ചും അതിന്റെ പരിഭാഷയെ കുറിച്ചും ചോദിക്കുമായിരുന്നു. തൽസംബന്ധമായി ചർച്ചയും ചെയ്യുമായിരുന്നു. ഒരിക്കൽ എനിക്ക് ഭയങ്കര ദേഷ്യം വന്നു. ഞാൻ പറഞ്ഞു, ഇനി മേലിൽ ഈ ചാനൽ കണ്ട് പോകരുത്.

പിതാവ് പറയുന്നു; എന്നാൽ ഉള്ളിന്റെയുള്ളിൽ എനിക്ക് മകന്റെ വാക്കുകളിൽ യുക്തിയുള്ളതായി മനസ്സിലാകാൻ തുടങ്ങി. പിന്നീട് ഞാൻ സ്വന്തമായി ജനങ്ങളോട് ജമാഅത്തിനെ സംബന്ധിച്ച് ചോദിച്ചു. യാദൃശ്ചികമായി രണ്ട് പാക്കിസ്താനി അഹ്മദികളെ കണ്ടുമുട്ടി. പിന്നീട് അവരുമായി സംസാരിച്ചപ്പോൾ എന്റെ മകൻ പറഞ്ഞത് സത്യമാണെന്ന് എനിക്ക് ബോധ്യമായി. അങ്ങിനെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ പിന്നീട് അദ്ദേഹം ബയ്അത്ത് ചെയ്തു.

ബോസ്നിയയിലെ മറ്റൊരു സുഹൃത്ത് പറയുന്നു, ഇവിടെ ജൽസയിൽ വന്നപ്പോൾ എന്നിൽ പ്രത്യേക പ്രഭാവം ഉണ്ടായി. അത് മടങ്ങിചെല്ലുമ്പോഴും നിലനിൽക്കുന്നതിനായി ദു:ആ ചെയ്യുക. അതുപോലെ കിർഗിസ്ഥാനിലെ മറ്റൊരു സുഹൃത്ത് പറയുന്നു. ജൽസയിൽ വളരെ വിചിത്രമായ ദൃശ്യങ്ങളായിരുന്നു എനിക്ക് കാണാൻ സാധിച്ചിരുന്നത്. പിന്നീട് അദ്ദേഹം വളരെ സ്നേഹത്തോടെ എഴുതുന്നു, കുറേക്കാലമായി ഞാൻ ബയ്അത്ത് ചെയ്തിരുന്നു. കുറച്ച് കാലം മുമ്പ് ഞാൻ ഹജ്ജിനായി പോയി. അവിടെ നിന്ന് സംസം വെള്ളം കൊണ്ടുവന്നിരുന്നു. കാലത്തിന്റെ ഖലീഫയുമായി കണ്ടുമുട്ടുമ്പോൾ അത് നൽകുന്നതാണെന്ന് കരുതിയിരുന്നു. അങ്ങിനെ അദ്ദേഹം തന്റെ സ്നേഹത്തെ പ്രകടിപ്പിക്കുകയും ആ വെള്ളം നൽകുകയും ചെയ്തു.

അൽജസായിറിലുള്ള ഒരു സുഹൃത്ത് പറയുന്നു, രണ്ട് വ്യക്തികൾ മുഹാജിരീംകളെ തബ്ലീഗ് ചെയ്യുകയായിരുന്നു. ഞാനവരുടെ വാക്കുകളിൽ ഇമാം മഹ്ദിയുടെ ആഗമനത്തെ സംബന്ധിച്ച് കേട്ടപ്പോൾ വളരെ കോപാകുലനായി. അനിയന്ത്രിതമായി ഞാൻ പറഞ്ഞു, ഈ ശൈത്താനുകൾ വന്നതു കാരണം ഇവിടെയുണ്ടായിരുന്ന മലക്കുകൾ മടങ്ങിപ്പോയി. പറയുന്നു, ആരംഭത്തിൽ അവരോടുള്ള എന്റെ സംഭാഷണം പരിഹാസ്യമായിരുന്നു. എന്നാൽ എന്റെ എല്ലാം തന്നെ അവരുടെ മുന്നിൽ തെറ്റായി സ്ഥാപിതമാകുന്നതായി മനസ്സിലാകാൻ തുടങ്ങി. അവരുടെ എല്ലാ വാദങ്ങളിലും ശക്തമായ തെളിവുണ്ടായിരുന്നു. നിർബന്ധിതനായി ഞാൻ പറഞ്ഞു, ഇവരെ സംബന്ധിച്ച് ഞാൻ ഏതെങ്കിലും മൗലവിയോട് ചോദിക്കുന്നതാണ്. അങ്ങിനെ ചിന്തിച്ച് ഞനൊരു പ്രസിദ്ധമായ അറബിചാനലുമായി ബന്ധപ്പെട്ടു. ഇതിനുമുമ്പും ഞാൻ പല സംശയദുരീകരണത്തിനും, ഫത്വയ്ക്കുമായി പ്രസ്തുത ചാനലുമായി ബന്ധപ്പെടാറുണ്ടായിരുന്നു. പലപ്പോഴും ചോദിക്കുമ്പോൾ ഉചിതമായ മറുപടി ലഭിക്കുമായിരുന്നു. അഹ്മദിയ്യാ ജമാഅത്തിനെ പറ്റി ചോദിച്ചപ്പോൾ അവർ പറഞ്ഞു, ഫോൺ വെക്കുക, ഞങ്ങൾ സ്വയം അങ്ങോട്ട് ഫോൺ ചെയ്യുന്നതാണ്. പിന്നീട് അവർ ഫോൺ ചെയ്തു എന്നോട് പറഞ്ഞു, അഹ്മദികൾ നിഷേധികളാണ്. അവരിൽ നിന്ന് രക്ഷപ്പെടുക. അത്ര മാത്രമല്ല നിത്യവും മൂന്നും നാലും തവണ അവരുടെ നിന്ന് ഫോൺ വന്ന് കൊണ്ടിരുന്നു. എല്ലായ്പ്പോഴും ജമാഅത്തിന്റെ നിഷേധത്തെക്കുറിച്ചുള്ള ഫത്വയായിരുന്നു ഞങ്ങൾക്ക് നൽകിയിരുന്നത്. പറയുന്നു, ജമാഅത്തംഗങ്ങളുടെ വാക്കുകൾ കേൾക്കുമ്പോൾ ഇതാണ് സത്യജമാഅത്ത് എന്ന് തോന്നുമായിരുന്നു. എന്നാൽ മൗലവിമാരുടെ ഫത്വകൾ കേൾക്കുമ്പോൾ സംശയത്തിലാകും. പിന്നീട് ഗ്രന്ഥങ്ങളും മറ്റും വായിച്ചുകൊണ്ടിരുന്നു. തൽഫലമായി സത്യം സ്പഷ്ടമായി. ജൽസക്കായി ഞാൻ ക്ഷണിക്കപ്പെട്ടു. ഇവിടെ വന്ന് വിവിധ സമുദായക്കാരെ കണ്ടപ്പോൾ ഞാൻ ചിന്തിച്ചു, ഞാൻ മാത്രം സത്യവും ഇവരെല്ലാവരും വ്യാജരുമാണോ? അതിന് ശേഷം മനസിൽ സ്ംതൃപ്തി ലഭിച്ചു. ബയ്അത്ത് ചെയ്തു.

നൈജറിലെ ഒരു സുഹൃത്തായ അബൂസൈദ് സാഹിബ് പറയുന്നു, ജൽസയിൽ വരുന്നതിന് മുമ്പ് ഞാൻ അഹ്മദിയായിരുന്നില്ല. എന്നാൽ ജൽസ എന്റെ അവസ്ഥയെ തന്നെ മാറ്റിമറിച്ചു. ഇപ്പോൾ ഞാൻ പറയുന്നു, എല്ലാവരും ജമാഅത്തിൽ പ്രവേശിക്കേണ്ടതാണ്. കാരണം ഈ ജമാഅത്ത് മാത്രമാണ് നബി(സ) നമുക്ക് നൽകിയ യാഥാർത്ഥ്യത്തെ പ്രാവർത്തികമാക്കുന്നത്. ബയ്അത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുന്നു എന്നതിൽ അഭിമാനം ഉണ്ട്.

ബോസ്നിയായിലെ ഒരു അഹ്മദി പറയുന്നു, അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിന് മുമ്പ് അദ്ദേഹം സർവ തിന്മകളിലും ദുഷ്കർമങ്ങളിലും അകപ്പെട്ടിരുന്നു. എന്നാൽ ജൽസയിൽ വന്നപ്പോൾ ഹൃദയത്തിന് സംതൃപ്തി ലഭിച്ചു. ഇപ്പോൾ ഇസ്ലാം നിഷ്കർഷിക്കുന്ന പരിശുദ്ധജീവിതം കഴിച്ചുകൂട്ടാൻ ആഗ്രഹിക്കുന്നു, ജൽസയുടെ അവസ്ഥകൾ കണ്ട് വിശേഷിച്ച് കാലത്തിന്റെ ഖലീഫയുടെ പ്രഭാഷണങ്ങൾ കേട്ട്, നമസ്കരിച്ച് വളരെ അത്ഭുതകരമായ ഒരു പരിവർത്തനം അനുഭവപ്പെടുന്നു. സൽമാർഗത്തിൽ നിലനിൽക്കുന്നതിനുള്ള തൗഫീഖിനു വേണ്ടി വേദനയോടുകൂടി ദു:ആക്കപേക്ഷിക്കുകയും ചെയ്തു.

ഒരു തുർക്കി യുവാവ് ജർമ്മനി ജൽസാ സാലാനയിൽ പങ്കെടുത്തു. പുറപ്പെടുന്നതിനു മുമ്പായി പറഞ്ഞിരുന്നത് ചില ഗാർഹിക പ്രശ്നങ്ങൾ കാരണം ഇപ്പോൾ ബയ്അത്ത് ചെയ്യുന്നതല്ല എന്നാണ്. ജൽസാ സാലാനയിൽ പങ്കെടുത്തതിനു ശേഷം മൂന്നാം ദിവസം രാവിലെ വരെ ബയ്അത്തിനായി സന്നദ്ധനായിരുന്നില്ല. എന്നാൽ ബയ്അത്തിന്റെ പരിപാടിക്ക് മുമ്പ് അതിൽ പങ്കാളിയാകുന്നതിന് സന്നദ്ധനായി. ബയ്അത്തിന്റെ സമയത്തും അതിനു ശേഷവും അദ്ദേഹം കരയുകയായിരുന്നു. സംസാരിക്കാൻ തന്നെ സാധിക്കുന്നുണ്ടായിരുന്നില്ല. അദ്ദേഹം പറഞ്ഞു, ബയ്അത്തിന്റെ ദൃശ്യം കണ്ട് അടങ്ങിയിരിക്കാൻ കഴിഞ്ഞില്ല. ഏതോ അദൃശ്യശക്തി എന്നെ ബയ്അത്തിൽ പങ്കാളിയാക്കി.

അതുപോലെ തന്നെ ഒരു നൈജർവാസി പറയുന്നു, ജൽസയിൽ വരുന്നതിനു മുമ്പ് ബയ്അത്തിനെ കുറിച്ച് ഞാൻ ചിന്തിച്ചിട്ടുപോലുമില്ലായിരുന്നു. എന്നാൽ ഇവിടെ വന്നപ്പോൾ ഞാൻ കണ്ടത്, ജനങ്ങൾക്ക് ഖലീഫയെ കാണാൻ എത്ര ആവേശമാണ്. അവരുടെ ഹൃദയത്തിൽ ഖലീഫയോട് എത്ര സ്നേഹമാണ്. ഇത് എന്റെ ഹൃദയത്തിൽ ശക്തമായ പ്രഭാവം ചെലുത്തി. അങ്ങിനെ ഞാൻ ബയ്അത്ത് ചെയ്തു ഈ ജമാഅത്തിൽ പ്രവേശിക്കുന്നതാണെന്ന് തീരുമാനിച്ചു. അല്ലാഹു ജനങ്ങളുടെ സമുദ്ധാരണത്തിനായി വിവിധ രീതികൾ സംജാതമാക്കികൊണ്ടിരിക്കുന്നു. ഏതായാലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ ബയ്അത്തിൽ 16 സമുദായങ്ങളിൽ നിന്നുള്ള 67 വ്യക്തികൾ ബയ്അത്ത് ചെയ്തു. 48 പുരുഷന്മാരും 19 സ്ത്രീകളുമായിരുന്നു.

ഇനി സംക്ഷിപ്തമായി സംവിധാനത്തെ സംബന്ധിച്ച് പറയുന്നതാണ്. മുൻപ് ജൽസ നടക്കുന്ന പ്രധാന ഹാളിനുള്ളിലാണ് എം.ടി.എ യുടെ വാൻ നിർത്തിയിടാറുണ്ടായിരുന്നത്. കാബിനും അവിടെ തന്നെയായിരുന്നു ഉണ്ടാക്കുന്നത്. ഇത്തവണ അത് പുറത്താണ് നിറുത്തിയിട്ടത്. അക്കാരണത്താൽ ചില തർജ്ജുമകളിൽ ശബ്ദത്താൽ കുഴപ്പം നേരിടുകയും ചെയ്തു. ഭാവിയിൽ ഈ തടസ്സവും ദുരീകരിക്കുവാൻ ശ്രമിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അത് രേഖപ്പെടുത്തേണ്ടതാണ്. അതുപോലെ സ്ത്രീകളിൽ ചില തർജ്ജുമയ്ക്കുള്ള സൗകര്യം ഉണ്ടായിരുന്നില്ല, . അതുകൊണ്ട് സ്ത്രീകൾക്ക് പരിഭാഷയുടെ സമയത്ത് പുരുഷന്മാരുടെ ഹാളുകളിൽ വന്നിരിക്കേ

ണ്ടിവന്നു. ഇക്കാലഘട്ടത്തിൽ പരിഭാഷയുടെ സൗകര്യം എല്ലായിടത്തും ഉണ്ടാകുന്ന തരത്തിലുള്ള സംവിധാനങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോഴും തർജ്ജുമ ലഭിക്കേണ്ടതാണ്. ഇവിടെ യു.കെ യിൽ അത്തരത്തിലുള്ള താണ്. കൂടെ കൊണ്ടു നടക്കാൻ സാധിക്കുന്നതാണ്. ശബ്ദ സംവിധാനത്തിൽ ഏതായാലും മെച്ചം ഉണ്ടായിരുന്നു. എന്നാൽ ഇപ്പോഴും അൽപം മുഴക്കം ഉണ്ടായിരുന്നു. അക്കാര ണത്താൽ ജുമുആ ദിവസം ശബ്ദം ശരിയാണോ എന്നെനിക്ക് ചോദിക്കേണ്ടി വന്നിരുന്നു. കാരണം എന്റെ ശബ്ദം എന്നി ലേക്ക് തിരിച്ചു വരുന്നുണ്ടായിരുന്നു.

ശബ്ദത്തെ സംബന്ധിച്ചും സംവിധാനത്തെ സംബന്ധിച്ചും തർജ്ജുമയെ സംബന്ധിച്ചുമുള്ള ചില ന്യൂനതകളായിരുന്നു ഇത്. അത് ദൂരീകരിക്കാൻ ജർമനി ജമാഅത്ത് ശ്രമിക്കേണ്ട താണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 3100 പുരുഷന്മാരും 3700 സ്ത്രീകളും ഇതിനായി പരിശ്രമിച്ചിരുന്നു. അതിനു മുമ്പ് ശ്രമദാനങ്ങളും നടന്നു. 100 മുതൽ 150 വരെ ഖുദ്ദാം നിത്യവും 14 മണിക്കൂർ വഖാറെ അമൽ ചെയ്തുകൊണ്ടാണ് ഈ ജൽസയുടെ സംവിധാനങ്ങളെ സജ്ജമാക്കിയത്. ആദ്യമായി വഖാറെ അമലിൽ പങ്കാളിയായികൊണ്ട് അതിലൂടെ എത്ര സമാധാനവും ആനന്ദവുമാണ് ലഭിക്കുന്നതെന്ന് അനുഭവി ച്ചറിഞ്ഞെന്നും ഭാവിയിൽ اِنْ شَآءَاللّٰہ അതിൽ പങ്കാളികളാ കുന്നതാണെന്നും അധികം പേരും എഴുതുകയുണ്ടായി. അതിഥി സൽക്കാരവിഭാഗത്തിലും ഇത്തവണ മുമ്പത്തേ ക്കാൾ മെച്ചപ്പെട്ട സംവിധാനം ഒരുക്കിയിരുന്നു. ഭക്ഷണ സമയത്ത് വെള്ളവും ലഭ്യമായിരുന്നു. ഭക്ഷണസമയത്ത് ദൂരെ പോയി കൊണ്ടുവരുന്നതിനു പകരം ഭക്ഷണമേശയിൽ വെള്ളം ഉണ്ടായിരിക്കണം എന്ന് ഞാൻ പറഞ്ഞിരുന്നു. കാരണം നബി(സ) യുടെ കല്പന ഭക്ഷണസമയത്ത് വെള്ളം അടുത്ത് തന്നെ വെക്കുക എന്നതാണ്. റൊട്ടിയുടെ നിലവാര വും മുമ്പത്തേക്കാൾ മെച്ചപ്പെട്ടിരുന്നു. സംഘാടകരും പറ ഞ്ഞിരുന്നു. ഞാൻ ലങ്കർഖാനയിൽ പോയി രുചിച്ച് നോക്കി യിരുന്നു. ജനങ്ങളുടെ അഭിപ്രായം മുന്നിൽ വരുമ്പോൾ അറി യാം അവർക്ക് ഇഷ്ടപ്പെട്ടിരുന്നോ ഇല്ലയോ എന്ന്. ഏതാ യാലും ഇത്തവണ റൊട്ടി മെച്ചപ്പെട്ടതായിരുന്നു. വഴിയിലു ണ്ടായിരുന്ന സ്കാനിംഗ് മെഷീനുകളിലും വർദ്ധനവു ണ്ടാക്കി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നല്ല സംവിധാന മായിരുന്നു.ഏതായാലും പുരുഷന്മാരും യുവാക്കളും, സ്ത്രീ കളും, പെൺകുട്ടികളുമെല്ലാം ജൽസയുടെ സംവിധാന ത്തിൽ, മസീഹ് മൗഊദ്(അ) ന്റെ അതിഥികളെ സേവിക്കുന്ന തിൽ, തങ്ങളുടെ കടമ നിർവഹണത്തിനായി പരിശ്രമിക്കുക യുണ്ടായി. അല്ലാഹു ഇവർക്കെല്ലാവർക്കും പ്രതിഫലം നൽ കട്ടെ. ഭാവിയിൽ മുമ്പത്തേക്കാളുപരി സേവനത്തിനുള്ള തൗഫീഖും നൽകട്ടെ. ആത്മാർത്ഥതയിലും കൂറിലും ഇവ ർക്ക് അഭിവൃദ്ധി നൽകി അനുഗ്രഹിക്കട്ടെ.

ഇന്ന് കാനഡ, ബെൽജിയം, അയർലന്റ് തുടങ്ങിയ രാജ്യ ങ്ങളിലെ വാർഷിക സമ്മേളനം നടക്കുകയാണ്. അല്ലാഹു ഇവർക്കും ജൽസയുടെ ശരിയായ ആത്മാവോടു കൂടി ജൽ സയിൽ പങ്കെടുക്കുന്നതിനുള്ള തൗഫീഖ് നൽകട്ടെ. വളരെ നല്ല നിലയിൽ ജൽസ പര്യവസാനിക്കട്ടെ. അതുപോലെ ഖുദ്ദാമുൽ അഹ്മദിയ്യാ യു.കെ യുടെ ഇജ്തിമായും നടക്കു കയാണ്. അല്ലാഹു ഈ യുവാക്കൾക്കും ഇജ്തിമായുടെ ഉദ്ദേശ്യം ശരിയായ നിലയിൽ പൂർത്തിയാക്കുന്നതിനുള്ള തൗഫീഖ് നൽകട്ടെ. ഇജ്തിമായുടേയും ജൽസയുടേയും ലക്ഷ്യം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുകയും, ആത് മീയാവസ്ഥയെ മെച്ചപ്പെടുത്തുകയും, ധാർമ്മികാവസ്ഥയെ മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണെന്ന് എല്ലാ ഖാദിമുകളും ജമാഅത്തംഗങ്ങളും ഓർത്തിരിക്കേണ്ടതാണ്. അതിലേക്ക് പ്രത്യേക ശ്രദ്ധയുണ്ടായിരിക്കണം.

## PRINTED BOOKS

To


**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**



KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 July 5 at : Baitul Futuh, UK
Translation: T.M.Abdul Mujeeb, Kakkanad - 09946794987

Typing: A.T.Nasarudheen & C.Shameem
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**